# കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ കുടുംബശ്രീ കാഴ്ചവെക്കുന്നത് മികച്ച പ്രവർത്തനം- മുഖ്യമന്ത്രി

Apr 24, 2020, 05:32 PM IST

A | A | A




File Photo



തിരുവനന്തപുരം: കോവിഡിനെതിരെയുള്ള പ്രവർത്തനത്തിൽ കുടുംബശ്രീ അംഗങ്ങൾ മികച്ച പ്രവർത്തനമാണ് കാഴ്ചവെക്കുന്നതെന്ന് മുഖ്യമന്ത്രി. കൊറോണ അവലോകന യോഗത്തിന് ശേഷം നടത്തിയ പത്രസമ്മേളനത്തിലാണ് മുഖ്യമന്ത്രി കുടുംബശ്രീയുടെ പങ്ക് എടുത്തുപറഞ്ഞത്.

സംസ്ഥാനത്തെ കമ്യൂണിറ്റി കിച്ചണുകളിൽ 75 ശതമാനവും കുടുംബശ്രീ അംഗങ്ങളിലൂടെയാണ് നടക്കുന്നത്. ജനകീയ ഹോട്ടലുകളും ഇതേത്തുടർന്ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതുവരെ 350 ജനകീയ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്. അരലക്ഷം കുടുംബശ്രീ അംഗങ്ങൾ ഇതുവരെ സന്നദ്ധ സേനയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

കുടുംബശ്രീ പ്രവർത്തകർ ഇതുവരെ 22 ലക്ഷം മാസ്കുകൾ നിർമിച്ചിട്ടുണ്ട്. സാനിറ്റൈസറും ഉത്പാദിപ്പിച്ച് വിതരണം നടത്തുന്നു. പ്രായമായവർ കരുതലോടെ ഇരിക്കണം എന്ന സന്ദേശം വീടുകളിൽ എത്തിക്കാനും കുടുംബശ്രീ സംഘടനാ സംവിധാനത്തിന് സാധിച്ചു. കുടുംബശ്രീയുടെ 14 ജില്ലകളിലുമുള്ള സ്നേഹിതയിലൂടെയും 360 കമ്യൂണിറ്റി കൗൺസിലർമാരിലൂടെയും ജനങ്ങൾക്കും കുടുംബങ്ങൾക്കും ആവശ്യമായ മാനസിക പിന്തുണ നൽകിവരുന്നുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി.

സഹായഹസ്ത പദ്ധതി പ്രകാരം രണ്ടായിരം കോടി രൂപ പലിശരഹിത വായ്പയായി കുടുംബശ്രീയിലൂടെ നടപ്പിലാക്കുകയാണ്. രണ്ടരലക്ഷത്തോളം അയൽക്കൂട്ടങ്ങളിലൂടെ 32 ലക്ഷം കുടുംബങ്ങളിലേയ്ക്കാണ് ഈ വായ്പ എത്തുക. ഭാവിയിൽ കാർഷിക സംസ്കാരം വളർത്തിയെടുക്കുക എന്ന ലക്ഷ്യം പൂർത്തീകരിക്കാൻ കുടുംബശ്രീ അംഗങ്ങൾക്ക് സാധിക്കണമെന്നും മുഖ്യമന്ത്രി പറഞ്ഞു.